File No.TRANS-C1/195/2018-TRANS

A1

e-86217/19

TRANSPORT COMMISSIONERATE
RECEIVED ON 28 JAN 2019
INWARD No 3/1/19

'ഭരണഭാഷ– മാതൃഭാഷ'

കേരള സർക്കാർ

<u>സംഗ്രഹം</u>

ഗതാഗത് വകുപ്പ് – മോട്ടോർ വാഹന വകുപ്പിൽ പുതുതായി രൂപീകരിച്ച 6 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ 24 അധിക മിനിസ്റ്റീരിയൽ തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗതാഗത (സി) വകുപ്പ്

**സ.ഉ.(കൈ) നം.8/2019/ഗതാഗതം** തീയതി,തിരുവനന്തപുരം, 25/01/2019

പരാമർശം:– 1)09.02.2018–ലെ സ.ഉ(കൈ)നം.11/2018/ഗതാഗതം നമ്പർ ഉത്തരവ്.

2)ഗതാഗത കമ്മീഷണറുടെ 25.07.2018 തീയതിയിലെ എ1/63337/2018/റ്റി.സി നമ്പർ കത്തും 26/09/18 ലെ എ1/9293/2012/റ്റി സിനമ്പർ കത്ത്

<u>ഉത്തരവ്</u>

പരാമർശം(1)–ലെ സർക്കാർ ഉത്തരവ് പ്രകാരം പുതുതായി രൂപീകരിച്ച 6 സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മതിയായ മിനിസ്റ്റീരിയൽ സ്റ്റാഫിനെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിവിധ സംഘടനകൾ സമർപ്പിച്ച നിവേദനത്തിന്മേൽ ഗതാഗത കമ്മീഷണർ, പരാമർശം(2)–ലെ കത്തുകൾ പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ പ്രകാരമുള്ള ജീവനക്കാരെ ഉപയോഗിച്ച് ഓഫീസിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തിക്കൊണ്ടു പോവുക പ്രയാസകരമായിരിക്കുമെന്നും ആയതിനാൽ പുതുതായി രൂപീകരിച്ച ഓരോ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും നിലവിൽ അനുവദിച്ച തസ്തികകൾക്കു പുറമെ, 1 ജൂനിയർ സൂപ്രണ്ട്, 3 സീനിയർ ക്ലാർക്ക്, 2 ഓഫീസ് അറ്റൻഡന്റ്, 1 ഡ്രൈവർ, 1 പാർട്ട് ടൈം സ്വീപ്പർ എന്നിവരുടെ അധിക തസ്തികകൾ സൃഷ്ടിക്കണമെന്ന് ഗതാഗത കമ്മീഷണർ ആവശ്യപ്പെട്ടിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മോട്ടോർ വാഹന വകുപ്പിൽ പുതുതായി രൂപീകരിച്ച ഇരിട്ടി, നന്മണ്ട, പേരാമ്പ്ര, തൃപ്രയാർ, കാട്ടാക്കട, വെള്ളരിക്കുണ്ട് എന്നീ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഓരോന്നിലും ചുവടെ പട്ടികയിൽ പറയുന്ന എണ്ണം (ആകെ 4x 6 = 24) തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തിക | ഒരോ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിലേക്കുമുള്ള തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ജൂനിയർ സൂപ്രണ്ട് | 1 |
| 2 | സീനിയർ ക്ലാർക്ക് | 3 |
| | ആകെ | 4 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**കെ.ആര്.ജ്യോതിലാല്**
**പ്രിന്സിപ്പല് സെക്രട്ടറി**

പകർപ്പ്
ഗതാഗത കമ്മീഷണർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (07.12.2018-ലെ U.O (R) നം.606641/ഐ&പി.ഡബ്ല്യു എ-1/17/ധന, പ്രകാരം)
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ/പ്രസ് റിലീസ്) വകുപ്പ്.
(സർക്കാർ വെബ്സൈറ്റിലും, പത്രമാദ്ധ്യമങ്ങളിലും പ്രസിദ്ധീകരണത്തിന്)
പൊതുഭരണ (എസ്.സി) വകുപ്പ്.(ഇനം നം. തീയതി. )
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ